# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

രജിസ്ട്രാറുടെ കാര്യാലയം, പൂക്കോട്, ലക്കിടി.പി.ഒ., വയനാട് – 673 576

*ഈമെയിൽ: registrar@kvasu.ac.in, officeregistry@kvasu.ac.in, ഫോൺ: 04936 209230, 209223*


നം. KVASU/GA/B1/7610/2025(11) , തീയതി, 08/01/2026

**93-ാമത് ബോർഡ് ഓഫ് മാനേജ് മെന്റ് യോഗത്തിന്റെ മിനിറ്റ്സ് (പാർട്ട് -1), തീയ്യതി : 07 ജനുവരി 2026, സമയം : രാവിലെ 11. 45 മണി, വേദി: കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടേറിയറ്റ്, പൂക്കോട്, വയനാട്.**

Approved By Dr. ANIL K.S. (VICE CHANCELLOR) on January 8, 2026 01:22 PM IST
(The document is digitally approved and does not require any Seal or Signature in original)

ഹാജരായ അംഗങ്ങൾ:

1. ഡോ. അനിൽ. കെ.എസ്. വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) - അധ്യക്ഷൻ
2. ഡോ. ബിപിൻ. കെ.സി. (തിരഞ്ഞെടുക്കപ്പെട്ട മാനേജ് മെന്റ് കൗൺസിൽ അംഗം)
3. ഡോ. ശ്രീരഞ്ജിനി. എ.ആർ. (തിരഞ്ഞെടുക്കപ്പെട്ട മാനേജ് മെന്റ് കൗൺസിൽ അംഗം)
4. ശ്രീ. സന്തോഷ്. സി.ആർ. (തിരഞ്ഞെടുക്കപ്പെട്ട മാനേജ് മെന്റ് കൗൺസിൽ അംഗം)
5. ഡോ. സി. ലത, രജിസ്ട്രാർ(ഇൻ-ചാർജ്ജ്) - മെമ്പർ സെക്രട്ടറി

യോഗം 11.45 മണിക്ക് ആരംഭിച്ചു. അധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

| ഇനം | വിഷയം | തീരുമാനം |
|---|---|---|
| OA- 5 | KVASU/DAR/E1/5/2026<br><br>കെ.വി.എ.എസ്.യു–ഡി.എ.ആർ– അക്കാദ് - സർവകലാശാല സർട്ടിഫിക്കറ്റിൽ ഒരാൾ തന്നെ രണ്ട് ഒപ്പ് വെയ്ക്കുന്നത് ഒഴിവാക്കുന്നത് - സംബന്ധിച്ച്. | അനുമതി നൽകി.<br><br>നടപടി: ഡി എ ആർ |
| OA- 6 | KVASU/GA/C1/161/2025<br><br>കെ.വി.എ.എസ്.യു - പൊതുഭരണം - തുമ്പൂർമുഴി കന്നുകാലി പ്രജനന കേന്ദ്രത്തിൽ പ്രകൃതി ക്ഷോഭങ്ങളിൽ കടപുഴകി വീണ മരങ്ങളിൽ ലേലം വഴി വിറ്റുപോകാത്ത 27 മരങ്ങൾ വിൽക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്. | അനുമതി നൽകി.<br><br>നടപടി: രജിസ്ട്രാർ |
| | | 1. അംഗീകരിച്ചു.<br>2. അനുമതി നൽകി.<br><br>ബഹു. കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം പങ്കെടുത്ത്, നിലവിലെ അലോട്ട്മെന്റ് പ്രകാരം നിയമനം ലഭിക്കാത്തവർ റാങ്ക് ലിസ്റ്റിൽ വരുന്ന സന്ദർഭത്തിൽ യോഗ്യരായവരെ |

| | | |
|---|---|---|
| OA- 7 | KVASU/VCO/A/3/2026<br><br>കെ.വി.എ.എസ്.യു - വൈസ് ചാൻസലറുടെ ഓഫീസ് -അസിസ്റ്റന്റ് പ്രൊഫസർ (അക്കാദമിക് ലെവൽ 10, ശമ്പള സ്കെയിൽ ₹57,700 - ₹1,82,400) തസ്തികയിലേക്കുള്ള നിയമനം- അപേക്ഷകളുടെ സൂക്ഷ്മപരിശോധനയും ഉദ്യോഗാർത്ഥികളുടെ അഭിമുഖവും നടത്തി തയ്യാറാക്കിയ റാങ്ക് പട്ടിക അംഗീകരിക്കുന്നത് -സംബന്ധിച്ച്. | നിയമിക്കുവാനും, ബഹു. കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം പങ്കെടുത്ത്, നിലവിലെ അലോട്ട്മെന്റ് പ്രകാരം നിയമനത്തിന് അർഹത ലഭിച്ചവരെ സംബന്ധിച്ച് കോടതി വിധി വരുന്നത് വരെ നിയമനം നടത്താതിരിക്കുവാനും തീരുമാനിച്ചു.<br><br>ഒരു ഡിപ്പാർട്ട്മെന്റിൽ നിയമനം നല്കുമ്പോൾ റോസ്റ്റർ പൊസിഷൻ നോക്കി നിയമനം നല്കുന്നതിന് തീരുമാനിച്ചു.<br><br>നിയമനം ലഭിക്കുന്നവർക്ക് ബോണ്ട് പിരീയഡ് വേണമെന്നും, ബോണ്ട് പിരീയഡിൽ ഇവർ ട്രാൻസ്ഫറിന് യോഗ്യരായിരിക്കില്ലെന്നും എന്നിരുന്നാലും സർവകലാശാല താൽപ്പര്യത്തിനനുസരിച്ച് ഇവരെ മാറ്റാവുന്നതാണെന്നും തീരുമാനിച്ചു. ബോണ്ട് പിരീയഡിന് ശേഷം മുൻഗണനേതര സ്റ്റേഷനിൽ സർവീസ് ഉണ്ടെങ്കിൽ ആയത് ട്രാൻസ്ഫറിന് പരിഗണിക്കുന്നതാണ്. മേൽ തീരുമാനങ്ങൾ നിയമന ഉത്തരവിൽ ഉണ്ടായിരിക്കേണ്ടതാണ്. |

രജിസ്ട്രാർ, അധ്യക്ഷനും മറ്റ് അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 2.00 മണിക്ക് അവസാനിക്കുകയും ചെയ്തു.

**ഡോ. അനിൽ കെ.എസ്**
**വൈസ് ചാൻസലർ**

Approved By Dr. ANIL K.S. (VICE CHANCELLOR) on January 8, 2026 01:22 PM IST
(The document is digitally approved and does not require any Seal or Signature in original)

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല

## മിനിറ്റ്സ്, 93- മത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം - പാർട്ട്- 2

തീയ്യതി : 07 ജനുവരി 2026, സമയം : രാവിലെ 11. 45 മണി

വേദി: കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്.

(ഫയൽ നമ്പർ: KVASU/GA/B1/7610/2025)

*ഹാജരായ അംഗങ്ങൾ:*

1. ഡോ. അനിൽ. കെ.എസ്. വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) - അധ്യക്ഷൻ
2. ഡോ. ബിപിൻ. കെ.സി. (തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)
3. ഡോ. ശ്രീരഞ്ജിനി. എ.ആർ. (തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)
4. ശ്രീ. സന്തോഷ്. സി.ആർ. (തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)
5. ഡോ. സി. ലത, രജിസ്ട്രാർ (ഇൻ-ചാർജ്ജ്) - മെമ്പർ സെക്രട്ടറി

യോഗം 11.45 മണിക്ക് ആരംഭിച്ചു. അധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 26-11-2025-ന് നടന്ന 92-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | ചുവടെ പറയുന്ന ചർച്ചകളോടെ 92-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.<br><br>**ഇനം: 3.7**<br>ശ്രീ. സന്തോഷ്. സി. ആർ, ഡോ. ബിപിൻ. കെ സി എന്നിവർ ഹിയറിംഗ് നടത്തി 2026 ജനുവരി 15ന് മുൻപ് റിപ്പോർട്ട് സമർപ്പിക്കണം എന്നതിന് പകരം ആവശ്യമായ സമയമെടുത്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് എന്ന് കൂട്ടിച്ചേർത്തു.<br><br>*നടപടി: രജിസ്ട്രാർ* |

**(ഒപ്പ്)**

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| | | |
|---|---|---|
| | | ഒഎ: 2<br>വിരമിക്കുന്ന ജീവനക്കാരുടെ നിലവിലുള്ള ഓഡിറ്റ് ഒബ്ജക്ഷനുകൾ കണക്കാക്കാതെ DCRG യുടെ പകുതി നൽകേണ്ടതാണെന്ന് കൂട്ടിച്ചേർത്തു. പോളിസി കാര്യങ്ങൾ ഒഴികെയുള്ള ഓഡിറ്റ് ഒബ്ജക്ഷനുകളുടെ ബാധ്യതകൾ ഒരു ഓഫീസിലെ ആർക്കൊക്കെയാണ് വരുന്നത് എന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ അടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതിന് ഫിനാൻസ് ഓഫീസർക്ക് നിർദേശം നൽകി.<br><br>*നടപടി: ഫിനാൻസ് ഓഫീസർ/ രജിസ്ട്രാർ* |
| 1.2 | 20-09-2025-ന് നടന്ന 91-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (എ.ടി.ആർ.). | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.1 | KVASU/GA/A3/304/2022<br>കെ.വി.എ.എസ്.യു - പൊതുഭരണം - ശമ്പള കമ്മീഷൻ ശുപാർശ പ്രകാരം സർവകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തുന്നത് - ഗവ നിർദേശം നടപ്പാക്കുന്നത് സംബന്ധിച്ച്. | വിഷയം പഠിച്ച് പരിഷ്കരിക്കുന്നതാണെന്ന് ചെയർ അറിയിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.2 | KVASU/GA/A4/6171/2025<br>കെ.വി.എ.എസ്.യു - പൊതുഭരണം - മണ്ണുത്തി വെറ്ററിനറി കോളേജും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് കുടുംബശ്രീ മുഖാന്തിരം ക്യാഷൽ സ്വീപ്പർമാരുടെ താല്ക്കാലിക സേവനം എർപ്പെടുത്തുന്നത് – സംബന്ധിച്ച്. | 1. അനുമതി നൽകി.<br>2. അനുമതി നൽകി.<br>വേതനം കുടുംബശ്രീ തൊഴിലാളികളുടെ വ്യക്തിഗത ബാങ്ക് അക്കൌണ്ടുകളിലേക്ക് നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും, ബന്ധപ്പെട്ട കുടുംബശ്രീ സി.ഡി.എസ്. - ന്റെ ബാങ്ക് അക്കൌണ്ടിലേക്ക് കൈമാറേണ്ടതുമാണ്.<br><br>*നടപടി: രജിസ്ട്രാർ* |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| 3.3 | KVASU/GA/B1/187/2023<br>കെ.വി.എ.എസ്.യു. – പൊതുഭരണം - വാർഷിക കണക്കുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനായി കാലപരിധി നിശ്ചയിച്ച് സർവകലാശാല ആക്ട് സെക്ഷൻ 44 (3) ഭേദഗതി ചെയ്തത് - വീണ്ടും ഭേദഗതി ചെയ്യുന്നത് – സംബന്ധിച്ച്. | അംഗീകരിച്ച്, മാനേജ്മെൻറ് കൗൺസിലി ലേക്ക് ശിപാർശ ചെയ്തു.<br>*നടപടി: രജിസ്ട്രാർ* |
| 3.4 | KVASU/GA/C1/6901/2025<br>കെ.വി.എ.എസ്.യു. – പൊതുഭരണം - തെരുവ് നായകൾക്കും പൂച്ചകൾക്കും ഒരു പ്രത്യേക ആനിമൽ ഷെൽട്ടർ സ്ഥാപിക്കുന്നതിനായി മണ്ണുത്തി കാമ്പ സിൽ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച്. | സംസ്ഥാന സർക്കാരിൻറെ തദ്ദേശസ്വയം ഭരണ/കോർപ്പറേഷൻ അധികാര പരിധിയിൽ വരുന്ന വിഷയമാണിതെന്നും, ആയതിനാൽ അനുമതി നൽകേണ്ടതില്ലെന്നും ശ്രീ. സന്തോഷ്. സി. ആർ അഭിപ്രായപ്പെട്ടു. ഷെൽട്ടർ തുടങ്ങുമ്പോൾ സർവകലാശാലയ്ക്ക് ഭാവിയിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ, പരിസരത്തുണ്ടാകുന്ന പ്രശ്നങ്ങൾ, സ്ഥല പരിമിതി, സാങ്കേതിക ബുദ്ധിമുട്ടുകൾ എന്നിവ പരിഗണിച്ചുകൊണ്ട് ശ്രീ. സന്തോഷ്. സി. ആർ, ഡോ. ബിപിൻ. കെ. സി, ഡോ. ശ്രീരഞ്ജിനി. എ. ആർ എന്നിവർ അനുമതി നൽകുന്നതിന് വിയോജിപ്പ് രേഖപ്പെടുത്തി. ആയതിനാൽ നിലവിൽ അനുമതി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 3.5 | KVASU/GA/LO/4061/2025<br>കെ.വി.എ.എസ്.യു. - പൊതുഭരണം - സർവകലാശാലയിലെ സ്ഥിരം സ്ത്രീ തൊഴിലാളികൾക്ക് ഗർഭപാത്രം നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയക്കായി നില വിൽ അനുവദിച്ചു വരുന്ന 45 ദിവസത്തെ ശമ്പളത്തോടു കൂടിയ അവധി (Special Casual Leave) തുടർന്നും അനുവദിക്കുന്നതിന്റെ ആവശ്യ കത - സർക്കാർ നിർദേശത്തിന് തുടർച്ചയായി തുടർനിർദേശങ്ങൾ അഭ്യ ർഥിക്കുന്നത് – സംബന്ധിച്ച്. | തൊഴിലാളികൾക്ക് ആകെ സേവന കാലയളവിൽ 24 മാസം പ്രത്യേക അവശതാവധി അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രത്യേക അവശതാവധിയിൽ ഉൾപ്പെടുത്തി സ്ത്രീ തൊഴിലാളികൾക്ക് അനുവദിക്കുന്നതിന് തീരുമാനിച്ചു.<br>*നടപടി: രജിസ്ട്രാർ* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**

| | | |
|---|---|---|
| 3.6 | KVASU/GA/A6/6512/2025<br>KVASU-GA- Promotion under Career Advancement scheme 2025-Screening & interview conducted report for approval:- | Approved.<br>Decide to issue the order at the earliest. It is also decided to keep in abeyance of CAP of the senior professor as per the directions of the Government.<br><br>*Action: Registrar* |
| 5.1 | KVASU/IDW/G-50798/2022<br>കെ.വി.എ.എസ്.യു- ഐഡി വിംഗ്- ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ പദ്ധതിയുടെ നിർമ്മാണം – ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നത് സംബന്ധിച്ച്. | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക - 3 എന്നത് 2 (സിവിൽ- 1 ഇലക്ട്രിക്കൽ- 1) എന്നാക്കി കുറയ്ക്കുന്നതിനും ഓവർസിയർ- 3 എന്നത് 2 (സിവിൽ- 1 ഇലക്ട്രിക്കൽ- 1) എന്നാക്കി കുറച്ച് കൊണ്ടും ആകെ 8 എന്നതിനു പകരം 6 ആക്കി നിയമനം നടത്തുന്നതിന് അനുമതി നൽകി. നിയമനം ഡി. എ. ആറുമായി കൺസൾട്ട് ചെയ്ത അനുമതിയോടുകൂടി (Phase wise) ആവശ്യത്തിനനുസരിച്ച് മാത്രമേ നടത്താവൂ എന്ന് തീരുമാനിച്ചു.<br><br>നിലവിൽ സർവകലാശാലയിൽ ഒഴിവുകൾ ഉള്ള എക്സിക്യൂട്ടീവ് എൻജിനീയർ (മണ്ണുത്തി) അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പൂക്കോട്/ മണ്ണുത്തി) എന്നീ തസ്തികയിലേക്ക് നിയമനം നടത്തുന്നതിലേക്കായി വിജ്ഞാപനം തയ്യാറാക്കി അപേക്ഷ ക്ഷണിക്കുന്നതിന് തീരുമാനിച്ചു. ആയത് പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>*നടപടി: യൂണിവേഴ്സിറ്റി എഞ്ചിനീർ/ രജിസ്ട്രാർ* |
| **ഇനം നമ്പർ** | **വിഷയം** | **തീരുമാനം** |
| OA: 1 | KVASU/DAR/R1-2389/2025<br>Reconstitution of the Research Council of the University-Approval for | It is decided to reconstitute the Research Council by adding the head of the clinical departments, faculties from Basic science, |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| | submission to Management Council - Reg. | proportional inclusion of senior faculties from various departments and to place in next BoM for approval.<br><br>*Action: DAR* |
| OA: 2 | KVASU/DAR/R3/1938/2025<br>KVASU- DAR- Meat Technology Unit, Mannuthy – Confirmation of African Swine Fever-Permission for write off the book value of pork meat and products–Reg. | Permitted.<br><br>It has been decided provide a detailed report on the African swine fever outbreak from the DFARM.<br><br>*Action: DAR/ Director of Farm* |
| OA: 3 | KVASU/GA/A3/509/2024<br>കെ.വി.എ.എസ്.യു. - പൊതുഭരണം - നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| OA: 4 | KVASU/GA/A1/7520/2025<br><br>KVASU – General Administration – Prof. (Dr.) P. Sudheer Babu, Professor Relieved from the office of Registrar on expiry of the term of his appointment, with effect from 27.12.2025 A.N. – Placement of Dr. C Latha, Director of Academics and Research to the post of the Registrar with full additional charge with effect from 27.12.2025 AN - Charge arrangements –Reporting | രജിസ്ട്രാർ തസ്തികയിലേക്കുള്ള വിജ്ഞാപനം അടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.<br><br>രജിസ്ട്രാർ തസ്തികയിലെ അധിക ചുമതയിൽ നിന്നും ഒഴിവാക്കണമെന്ന് ഡോ. സി. ലത യോഗത്തിൽ ആവശ്യപ്പെട്ടു. സ്ഥിരം രജിസ്ട്രാർ നിയമനം നൽകുന്നതുവരെ ഡോ. സുരാജ്. പി. ടിയെ രജിസ്ട്രാർ തസ്തികയിൽ നിയമിക്കണമെന്ന് ശ്രീ. സന്തോഷ്. സി. ആർ ആവശ്യപ്പെട്ടു. രജിസ്ട്രാർ നിയമനം വേഗത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഡോ. ബിപിൻ. കെ. സി ആവശ്യപ്പെട്ടു. ഡോ. സുരാജ്. പി. ടിയെ തന്നെ താൽക്കാലിക രജിസ്ട്രാർ ആയി നിയമിക്കണമെന്ന് ബഹു അംഗങ്ങളായ ശ്രീ. |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| | | സന്തോഷ്. സി. ആർ, ഡോ. ബിപിൻ. കെ. സി, ഡോ. ശ്രീരഞ്ജിനി. എ. ആർ എന്നിവർ ആവശ്യപ്പെടുകയും ആയതിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണെന്ന് ചെയർ അറിയിക്കുകയും ചെയ്തു.<br><br>*നടപടി: രജിസ്ട്രാർ* |

**അജണ്ടാക്കുറിപ്പുകൾക്ക് പുറമേയുള്ള ചർച്ചകളും തീരുമാനങ്ങളും:**

1. സർവകലാശാലയിൽ നടപ്പിലാക്കേണ്ട പൊതു സോഫ്റ്റ്‌വെയറുകൾ ആയ UNISPARK, പെൻഷൻ സോഫ്റ്റ്‌വെയർ, Gain PF, അക്കൗണ്ട് സോഫ്റ്റ്‌വെയർ, ഇ-ഓഫീസ്, SAMARTH എന്നിവ അടുത്ത സാമ്പത്തിക വർഷത്തിൽ സർവകലാശാലയിൽ നടപ്പിലാകാതിരിക്കാനുള്ള കാരണങ്ങൾ സമർപ്പിക്കുന്നതിന് ആയതിന്റെ ഇമ്പ്ലിമെൻറിംഗ് ഓഫീസർമാർക്ക് നിർദേശം നൽകുന്നതിന് തീരുമാനിച്ചു.
   *നടപടി: രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/ഐ ടി സെൽ/ ഡി എ ആർ*

2. ആർ എഫ് പ്രോജക്ടുകളുടെ പ്രോഫിറ്റ് ഷെയർ കളക്ട് ചെയ്യുന്നതിൽ നിന്നും 10% സർവകലാശാലയുടെ വികസനത്തിന് ഉപയോഗിക്കാമെന്നൊരു പ്രൊവിഷൻ ഉണ്ടെന്നും ആയതിൽ നിന്നും നിശ്ചിത തുക എടുത്ത് കരിയർ അഡ്വാൻസ് പ്രമോഷൻ കുടിശ്ശിക നൽകാവുന്നതാണെന്ന് ഡോ. ശ്രീരഞ്ജിനി. എ. ആർ അറിയിച്ചു. ഓരോ യൂണിറ്റിൽ നിന്നും കഴിഞ്ഞ രണ്ടു വർഷത്തെ പ്രൊഫിറ്റ് ഷെയർ വിശദാംശങ്ങൾ, ഫിനാൻസ് ഓഫീസർക്ക് എത്ര രൂപ നൽകി എന്നതുൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡയറക്ടർ ഓഫ് ഫാംസിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.
   *നടപടി: ഡി എ ആർ /ഫിനാൻസ് ഓഫീസർ/* ഡയറക്ടർ ഓഫ് ഫാംസ്

3. NIRFറാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗൾഫ് മെഡിക്കൽ യൂണിവേഴ്സിറ്റി യുമായി ബന്ധപ്പെട്ട് 25 വിദ്യാർത്ഥികൾക്ക് Twinning programme നടത്തുന്നതിനുള്ള പ്രൊപ്പോസലിന് അനുമതി ലഭിക്കുന്നതിനായി VCI ക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു.
   *നടപടി: ഡി എ ആർ*

4. ബേസ് ഫാം കോലാഹലമേടിലെ കാഷ്വൽ ലേബർ ശ്രീ. ജേക്കബ്. ടി സ്ഥിരമായി സ്റ്റേഷനിൽ അച്ചടക്കലംഘനങ്ങൾ കാണിക്കുന്നതായും ഈ ജീവനക്കാരനെതിരെ കഠിനമായ അച്ചടക്ക നടപടികൾ എടുക്കുന്നതിനു പകരം താക്കീത് നൽകുക

(ഒപ്പ്)

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**

മാത്രമാണ് സർവ്വകലാശാല സ്വീകരിച്ചതെന്ന് ഡോ. ബിപിൻ. കെ. സി അറിയിച്ചു. മേൽ വിഷയത്തിൽ അടുത്ത യോഗത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

5. തിരുവാഴാംകുന്ന് സ്റ്റേഷനിലെ ഔട്ട്സ്റ്റേഷൻ അലവൻസ് നൽകിയതിനെ തിരെയുള്ള ഓഡിറ്റ് ഒബ്ജക്ഷനുകൾ ഒഴിവാക്കുന്നതിന്, പ്രസ്തുത തുക റൈറ്റ് ഓഫ് ചെയ്യുന്നതിനായി ഓഡിറ്റ് വിഭാഗത്തിലേക്ക് അപേക്ഷിച്ചുകൊണ്ട് കത്ത് നൽകുന്നതിനായി തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

രജിസ്ട്രാർ, അധ്യക്ഷനും മറ്റ് അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 1.45 മണിക്ക് അവസാനിക്കുകയും ചെയ്തു.

20/1/26

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

KERALA VETERINARY & ANIMAL SCIENCES UNIVERSITY, POOKODE, LAKKIDI P.O, WAYANAD

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**
*(20/01/2026 തീയതിയിൽ അംഗീകരിച്ചു)*